"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - കേരള വനം വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് അംഗമായി ശ്രീ.ഇ.പി.സജീവ്, സ്പെഷ്യൽ സെക്രട്ടറിയെ നിയമിച്ച് കൊണ്ടും ഓഹരി കൈമാറ്റം ചെയ്തുകൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.473/2024/F&WLD തീയതി,തിരുവനന്തപുരം, 01-11-2024**

പരാമർശം:- 1. സ.ഉ(സാധാ) നം.346/2024/വനം തീയതി 07.08.2024.

2. കേരള വനം വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 21.10.2024 - ലെ എ4-1644/2024 നമ്പർ കത്ത്.

**ഉത്തരവ്**

കേരള വനം വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ ആർട്ടിക്കിൾ (18) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചുകൊണ്ട്, കേരള വനം വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് അംഗമായിരുന്ന ശ്രീമതി.സൂസൻ ഗോപി - യ്ക്ക് പകരം ശ്രീ.ഇ.പി.സജീവ്, സ്പെഷ്യൽ സെക്രട്ടറിയെ കേരള വനം വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് അംഗമായി നിയമിച്ച് കൊണ്ട് ഉത്തരവാകുന്നു.

2. പരാമർശം (1) ഉത്തരവ് പ്രകാരം ശ്രീ.സൂസൻ ഗോപി- യുടെ പേരിലുള്ള കേരള വനം വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ ഓഹരികൾ വനം വന്യജീവി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ശ്രീ.ഇ.പി.സജീവ് - ന്റെ പേരിലേക്ക് ചുവടെ ചേർക്കും പ്രകാരം കൈമാറ്റം ചെയ്തും ഉത്തരവാകുന്നു.

| നിലവിലെ ഓഹരി ഉടമയുടെ പേര് | ഓഹരി പത്രം | ഓഹരി കളുടെ എണ്ണം | ഓരോ ഓഹരിയു ടെയും മൂല്യം | വ്യതിരിക്ത ഓഹരികളുടെ എണ്ണം | നിലവിലെ ഓഹരികൾ കൈമാറി നല്കപ്പെട്ട പേര് |
|---|---|---|---|---|---|
| ശ്രീമതി. സൂസൻ ഗോപി | 2 | 5 | 100 രൂപ | 10987 മുതൽ 10991 വരെ(രണ്ടും ഉൾപ്പെടെ) | ശ്രീ.ഇ.പി.സജീവ് |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ ആർ ജ്യോതിലാൽ**

**അഡീഷണൽ ചീഫ് സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്,

കേരള,തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള വന വികസന കോർപ്പറേഷൻ,ആരണ്യകം,
കാരാപ്പുഴ.പി.ഒ,കോട്ടയം.
ശ്രീ.ഇ.പി.സജീവ്, സ്പെഷ്യൽ സെക്രട്ടറി, വനം വന്യജീവി വകുപ്പ്.
ധനകാര്യ(പി.യു.ബി) വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad. S
സെക്ഷൻ ഓഫീസർ
Date: 01-11-2024 13:20:16